## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 6523** **11.07.2012-ൽ മറുപടിക്ക്.**

### പോലീസ് വകുപ്പിലെ വാഹനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം കേരള പോലീസിനായി എത്ര വാഹനങ്ങൾ വാങ്ങുകയുണ്ടായി; ആയതിന്റെ ചെലവ് എത്ര; | : (എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന പോലീസ് വകുപ്പിനുവേണ്ടി വാങ്ങിയ വാഹനങ്ങളുടെ എണ്ണവും ചെലവായ തുകയും **അനുബന്ധം 1** ആയി ചേർത്തിട്ടുണ്ട്. |
| (ബി) ഇനി കേരള പോലീസിനുവേണ്ടി എത്ര വാഹനങ്ങൾകൂടിവാങ്ങാൻ ഉദ്ദേശിക്കുന്നു ; ആയതിന് എത്ര രൂപ ചെലവ് വരുമെന്നാണ് കരുതുന്നത് ; വിശദമാക്കുമോ; | : (ബി) കേരള പോലീസിനുവേണ്ടി വാങ്ങുവാൻ ഉദ്ദേശിക്കുന്ന വാഹനങ്ങളുടെ വിശദവിവരങ്ങളും അതിനുവേണ്ടി വരുന്ന ചെലവും **അനുബന്ധം 2** -ൽ കാണാവുന്നതാണ്. |
| (സി) ഏതൊക്കെ വാഹനങ്ങളാണ് വാങ്ങിയതെന്നും ആർക്കൊക്കെയാണ് ഇവ നൽകിയതെന്നും വ്യക്തമാക്കുമോ ; | : (സി) ഏതൊക്കെ വാഹനങ്ങളാണ് വാങ്ങിയതെന്നും ആർക്കൊക്കെയാണ് ഇവ നൽകിയതെന്നുമുള്ള വിവരം **അനുബന്ധം 3** ആയി ചേർക്കുന്നു. |
| (ഡി) ഇപ്രകാരം പുതിയ വാഹനങ്ങൾ വാങ്ങി പണം ധൂർത്തടിക്കുമ്പോൾ പഴയ വാഹനങ്ങൾ എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ; | : (ഡി) പോലീസ് വകുപ്പിൽ വാഹനങ്ങൾ, പോലീസ് മൊബിലിറ്റിയുടെ ഭാഗമായാണ് വാങ്ങുന്നത്. ഇത് ധൂർത്തായി കരുതാനാവില്ല. പഴയ വാഹനങ്ങൾ നിർദ്ദിഷ്ട കാലാവധി പൂർത്തീകരിച്ച ശേഷം വരുന്ന കേടുപാടുകൾ പരിഹരിക്കുന്നതിന് വകുപ്പിനോ, സർക്കാരിനോ ലാഭകരമല്ലെങ്കിൽ, ആയത് നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി പരസ്യമായി ലേലം ചെയ്ത് മുതൽക്കൂട്ടുന്നതാണ്. |

(മറുപുറം)

(ഇ) മന്ത്രിമാരുടെ പൈലറ്റായി ആഭ്യന്തരവകുപ്പ് എത്ര വാഹനങ്ങൾ ഉപയോഗിക്കുന്നു; ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർ പൈലറ്റ് വാഹനമായി പോലീസ് വാഹനം ഉപയോഗിക്കുന്നുണ്ടോ ; വിശദമാക്കുമോ:

: (ഇ ) മന്ത്രിമാരുടെ സുരക്ഷയ്ക്കുവേണ്ടി പൈലറ്റായി പോലീസ് വാഹനങ്ങൾ അപ്പപ്പോൾ നിലവിലുള്ള സാഹചര്യങ്ങൾക്കനുസരിച്ച് അതാത് ജില്ലാ പോലീസ് മേധാവികളുടെ അധികാര പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ ടി മേധാവിമാർ നൽകാറുണ്ട്. സംസ്ഥാനത്ത് മന്ത്രിമാരുടെ സുരക്ഷയ്ക്ക് പൈലറ്റ് ഡ്യൂട്ടി വഹിക്കുവാനായി 3 വാഹനങ്ങൾ നൽകിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർ ആരും തന്നെ പൈലറ്റായി വാഹനം ഉപയോഗിക്കാറില്ല.

(എഫ്) സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥർ പോലീസ് വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നത് തടയുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

: (എഫ്) പോലീസ് വാഹനങ്ങൾ ദുരുപയോഗം ചെയ്യാതിരിക്കുന്നതിനുവേണ്ടി നിലവിലുള്ള നിയമം അടിസ്ഥാനമാക്കി കർശനമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ജി) ഒരു പോലീസ് ഉദ്യോഗസ്ഥന്റെ കുടുംബം അയൽ സംസ്ഥാനത്ത് നിന്നും വന്നപ്പോൾ തലസ്ഥാനത്തുള്ള പോലീസ് ജീപ്പുകൾ ഉപയോഗിച്ച് വിവിധ സ്ഥലങ്ങളിലേക്ക് യാത്ര ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു?

: (ജി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ; 24.05.2012-ന് തിരുവനന്തപുരം സിറ്റി പോലീസിന്റെ അധീനതയിലുള്ള കെ.എൽ.01 എഎ 7718, കെ.എൽ.01 എ.എസ്.7441 എന്നീ രണ്ടു വാഹനങ്ങൾ ഡെപ്യൂട്ടി കമ്മീഷണറുടെ (ക്രമസമാധാനം) ജന്മനാടായ ആന്ധ്രാപ്രദേശിൽ നിന്നും വന്നതും മലയാള ഭാഷ അറിഞ്ഞുകൂടാത്തതുമായ അദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കൾക്ക് യാത്ര ചെയ്യുന്നതിനായി ഉപയോഗിച്ചിട്ടുള്ളതും ആയതിന് നിയമാനുസരണം തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ 1248/-രൂപ ചെലാൻ രസീത് നമ്പർ 1096 പ്രകാരം കെട്ടിവയ്ക്കുകയും പ്രസ്തുത അതാത് വാഹനങ്ങളുടെ വെഹിക്കിൾ ഡയറിയിൽ സ്വകാര്യ ഉപയോഗത്തിനായി ഉപയോഗിച്ച വിവരം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

ANNEXURE - 1

# PURCHASE DETAILS

| SL.NO | ITEM | UNITS | AMOUNT |
|---|---|---|---|
| **MoPF SCHEME** | | | |
| 1 | XYLO | 1 | 6,09,396/- |
| 2 | BOLERO LX | 45 | 2,28,57,125/- |
| 3 | SCORPIO | 4 | 27,31,396/- |
| 4 | XYLO | 22 | 1,34,06,707/- |
| 5 | INNOVA | 4 | 33,73,953/- |
| 6 | TATA SPACIO | 7 | 35,57,099/- |
| 7 | BUS | 4 | 76,82,332/- |
| 8 | BOLERO LX | 9 | 45,35,273/- |
| 9 | TATA SUMO VICTA | 1 | 5,25,221/- |
| 10 | BUS | 12 | 2,07,25,368 |
| 11 | MEDIUM VEHICLE | 4 | 32,78,488/- |
| 12 | BOLERO LX | 37 | 1,88,35,622/- |
| 13 | INNOVA | 18 | 1,54,20,504/- |
| **PLAN SCHEME** | | | |
| 14 | KARIZMA | 27 | 19,47,833/- |
| **KANSAF** | | | |
| 15 | BOLERO LX | 3 | 16,60,286/- |
| 16 | ASHOK LEYLAND | 1 | 10,51,421/- |
| **ANTI HUMAN TRAFFICKING UNIT** | | | |
| 17 | XYLO | 2 | 13,57,574 |
| 18 | TATA SPACIO | 1 | 4,90,719/- |
| **PLAN FUND** | | | |
| 19 | NISSAN SUNNY | 2 | 16,38,210/- |
| 20 | COROLLA ALTIS | 1 | 14,84,932/- |
| TOTAL | | | 127169459/- |

[illegible] - II

ANNEXURE : 2

| Sl. No. | Item | Nos. to be purchased | Amount |
|---|---|---|---|
| MoPF Scheme | | | |
| 1 | Heavy Vehicles (Bus) | 4 | 83,06,880.00 |
| 2 | Light Vehicles (Bolero) | 46 | 2,47,24,386.00 |
| 3 | Bullet Proof Car | 2 | 1,40,00,000.00 |
| 4 | Mobile Digital Invetigation Vehicles (Tata Sumo) | 75 | 4,03,53,525.00 |
| 5 | Mobile Digital Invetigation Vehicles (Xylo) | 20 | 1,37,10,360.00 |
| Anti Human Trafficking Units | | | |
| 6 | Motor Cycles (Karizma) | 3 | 2,14,680.00 |
| **Total** | | | **10,13,09,831.00** |

ANNEXURE: 3

## ALLOTMENT DETAILS

| Sl. No | VEHICLE TYPE | MAKE | FOR WHOM |
|---|---|---|---|
| 1 | KARIZMA | HERO HONDA | Highway Patrolling |
| 2 | BOLERO LX | MAHINDRA | DySPs, CIs,Police stations |
| 3 | SAFARI B/P | TATA | For VVIP & VIP Duties |
| 4 | INNOVA 2.5E (E4) | TOYOTA | Special Purpose |
| 5 | XYLO | MAHINDRA | AHTU<br>Kollam City & Thrissur City |
| 6 | SPACIO | TATA MOTORS | AHTU<br>IGP Kannur range |
| 7 | NISSAN SUNNY | NISSAN | State Complaints Authority |
| 8 | BOLERO LX | MAHINDRA | KANSAF<br>Kochin, Palakkad, Wayanad & Idukki Dists |
| 9 | ASHOK LEYLAND | LEYLAND | |
| 10 | ASHOK LEYLAND | LEYLAND | District Ars |
| 11 | BOLERO LX | MAHINDRA | For Police Stations, & CIs |
| | SCORPIO | MAHINDRA | For QRT, Range IGs |
| | XYLO | MAHINDRA | Traffic Enforcement, Districts |
| 12 | SUMO VCTA | TATA | TVPM Range<br>(Interceptor) |

(FSO)